## II. ശ്രദ്ധക്ഷണിക്കൽ

### (1) ഖാദി വ്യവസായമേഖലയിലെ പ്രതിസന്ധി

ശ്രീ. കെ. പി. മോഹനൻ: സർ, മഹാത്മാഗാന്ധിയുടെ ഗ്രാമസ്വരാജിന്റെ ഭാഗമായി രൂപംകൊണ്ട ഖാദി പ്രസ്ഥാനത്തിന്റെ അവസ്ഥയിന്ന് വളരെ ദയനീയമായതിനാൽ നൂൽ നിർമ്മാണം മുതൽ വിപണിവരെയുള്ള മേഖലകളിൽ സർക്കാർ ഇടപെടൽ നടത്തുന്നതിനാണ് ഞാൻ ബഹുമാനപ്പെട്ട സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. സംസ്ഥാനത്ത് ഖാദി ബോർഡ്, ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് അസോസിയേഷൻ, സർവോദയ സംഘം, ഗാന്ധി സ്മാരകനിധി, വിവിധ സംഘങ്ങൾ എന്നിവിടങ്ങളിലായി സേവനമനുഷ്ഠിച്ചുവരുന്ന 11000-ത്തിലധികം തൊഴിലാളികളിൽ 95 ശതമാനവും സ്ത്രീകളാണ്. അതിദരിദ്രപട്ടികയിലെ ഇവർ കണ്ണീർ കുടിച്ചും ദാരിദ്ര്യം സഹിച്ചുമാണ് മഹത്തായ ഈ തൊഴിൽ മേഖലയെ നിലനിർത്തുന്നത്. ഖാദി തൊഴിലാളികൾക്ക് Income Support Scheme പ്രകാരം 17.50 കോടി രൂപ അനുവദിച്ച പിണറായി സർക്കാരിനെ ഖാദി തൊഴിലാളികളുടെ പക്ഷത്തുനിന്നുകൊണ്ട് ഞാൻ അഭിനന്ദിക്കുകയാണ്. നൂലിന്റെയും

ചായത്തിന്റെയും വിലവർധന, നിർമ്മാണം, സാമഗ്രികളുടെ അഭാവം, ബഹുരാഷ്ട്ര കുത്തകകളുടെ കടന്നുകയറ്റം, തറികളുടെ കേടുപാടുകൾ, സ്പെയർ പാർട്സുകളുടെ അപര്യാപ്തത, ടെക്നീഷ്യന്മാരുടെ കുറവ്, കാലാവസ്ഥാ വ്യതിയാനം എന്നിവ ഈ മേഖലയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ കണ്ണവം കോളനിയിലെയും മുതിയങ്ങയിലെയും ഖാദി നെയ്ത്തുകേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യമില്ലാത്തതിനാൽ അവിടെ സേവനമനുഷ്ഠിക്കുന്ന തൊഴിലാളികൾ വളരെയധികം ദുരിതമനുഭവിക്കുന്നതിനാൽ അടിസ്ഥാനസൗകര്യങ്ങൾ നിർബന്ധമായും ആവശ്യമാണ്. ഒരു ദിവസം ശരാശരി 460 രൂപയാണ് സർക്കാർ വിഹിതമടക്കം തൊഴിലാളിക്ക് ലഭിക്കുക എന്നതിനാൽ സർക്കാർ വിഹിതം യഥാസമയം നൽകണം. ഖാദി തൊഴിലാളികളും അവരെ ആശ്രയിക്കുന്ന കുടുംബവും തുച്ഛമായ വേതനത്തിൽ ജീവിക്കുന്നതിനാൽ തൊഴിലാളികൾക്കുള്ള ഇൻകം സപ്പോർട്ട് സ്കീം, വസ്ത്രങ്ങൾക്കുള്ള റിബേറ്റ്, നൂൽ നൂൽപ്പുകാർക്കും നെയ്ത്തുകാർക്കും നൽകുന്ന ഉൽപാദന ബോണസ്, ഉത്സവബത്ത എന്നിവ യഥാസമയം നൽകാൻ നടപടി സ്വീകരിക്കണം. സമീപകാലത്തെ

ഉൽപന്നങ്ങളുടെ വൈവിധ്യവൽക്കരണം ഖാദി മേഖലയ്ക്ക് ഏറെ പ്രതീക്ഷ നൽകുന്നതിനാൽ അത്യാധുനിക നെയ്ത്ത് യന്ത്രങ്ങൾ ലഭ്യമാക്കി പുതിയ തലമുറയെ ആകർഷിക്കാനുള്ള നടപടി സ്വീകരിക്കണമെന്നുമാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, മഹാത്മാഗാന്ധിയും ശ്രീനാരായണഗുരുവും കൂടിക്കാഴ്ച നടത്തിയതിന്റെ 100-ാം വാർഷികം ആഘോഷിക്കുന്ന ദിവസമായ ഇന്നുതന്നെ ഖാദിയുമായി ബന്ധപ്പെട്ട ശ്രദ്ധക്ഷണിക്കൽ ഉന്നയിച്ചതിന് ബഹുമാന്യനായ അംഗത്തെയും അതിന് അനുമതി നൽകിയതിന് ബഹുമാനപ്പെട്ട ചെയറിനെയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുന്നു.

ഖാദി മേഖലയെ ശക്തിപ്പെടുത്തിക്കൊണ്ടുപോകുന്നതിനാവശ്യമായ നിരവധി നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. ഖാദി വസ്ത്രങ്ങളുടെ വില്പനയ്ക്ക് വിദേശത്ത് ആദ്യമായി അവസരം ലഭിക്കുകയുണ്ടായി. ദുബായ്, അബുദാബി എന്നിവിടങ്ങളിൽ മലയാളികൾ സംഘടിപ്പിച്ച പരിപാടികൾ വഴി ഖാദി വസ്ത്രങ്ങൾ കയറ്റുമതി നടത്തി വിൽക്കാൻ കഴിഞ്ഞു. ഇപ്പോൾ

ജർമ്മനിയിലെ **Mor Life Style** എന്ന സ്ഥാപനവുമായി സഹകരിച്ച് അവിടെ ഖാദിയുടെ വില്പന നടത്തുന്നുണ്ട്. 'കേരള ഖാദി' എന്ന പേരിൽ ഖാദി കേരള എന്നൊരു പോർട്ടലുണ്ടാക്കി ഖാദിയുടെ വിപണനം ഓൺലൈൻ വഴി നടത്തുന്നതുകൂടാതെ Kshoppe വഴിയും ഇപ്പോൾ ഖാദി ലഭ്യമാണ്. ഖാദി പഴയ ഖാദിയല്ലെന്ന രൂപത്തിൽ Institute of Fashion Technology, Kerala-യുമായി സഹകരിച്ചുകൊണ്ട് പുതിയ ഡിസൈനിൽ ഖാദി ഉൽപന്നങ്ങൾ ഇപ്പോൾ വിപണിയിലേയ്ക്ക് ഇറക്കിയിട്ടുണ്ട്. ഇടയ്ക്ക് ഖാദി ഉൽപന്നങ്ങൾക്കെല്ലാം ജി.എസ്.ടി.-യുടെ ടാക്സ് ഏർപ്പെടുത്തിയതിനാൽ അത് വലിയ പ്രതിസന്ധി സൃഷ്ടിക്കുകയും 1,000 രൂപയ്ക്കുതാഴെ 5 ശതമാനവും 1,000 രൂപയ്ക്കുമുകളിൽ 12 ശതമാനവും നിരക്കിൽ ടാക്സ് അടയ്ക്കേണ്ടതായി വരികയും ചെയ്തു. അക്കാര്യം ഈ വർഷം ജി.എസ്.ടി. കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതും മുൻകാല പ്രാബല്യത്തോടെ ജി.എസ്.ടി. ഒഴിവാക്കാൻ യൂണിയൻ ഗവൺമെന്റിന് കത്ത് നൽകിയിട്ടുള്ളതുമാണ്.

ഖാദി നൂൽ, നെയ്ത്ത് ഉൽപന്നങ്ങൾ, ഉപകരണങ്ങൾ എന്നിവ നവീകരിക്കാൻ, ചർക്കകളുടെ നവീകരണവുമായി ബന്ധപ്പെട്ട് ഐ.ഐ.ടി.

ചെന്നൈയുമായി ഒരു MoU ഒപ്പുവച്ചിട്ടുണ്ട്. ഖാദി മേഖലയിൽ ആദ്യമായി Handloom Electronic Jacquard Machine പാപ്പിനിശ്ശേരി കേന്ദ്രത്തിലിപ്പോൾ ഉപയോഗിച്ചുതുടങ്ങി. അതോടൊപ്പം സ്ലൈവറിന്റെ ക്ഷാമം പ്രധാനപ്പെട്ട പ്രശ്നമായതിനാൽ, ഏറ്റുകുടുക്ക പരുത്തി സംസ്കരണ കേന്ദ്രം നവീകരിക്കാൻ 1.98 കോടി രൂപ അനുവദിച്ച് അവിടെ ആധുനിക രീതിയിലുള്ള പ്ലാന്റ് നിർമ്മിക്കുകയും പുതിയ Camphor Machine വാങ്ങുകയും ചെയ്തുവഴി സ്ലൈവർ ഉൽപാദിപ്പിക്കാനും ആ ക്ഷാമം പരിഹരിക്കാനും കഴിഞ്ഞിട്ടുണ്ട്. ഏകദേശം 12500 തൊഴിലാളികൾ ജോലി ചെയ്യുന്നതിൽ 95 ശതമാനം പേരും സ്ത്രീകളാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ, Income Support Scheme-ലുൾപ്പെടുത്തി ഇതുവരെ 119,80,79,000/- രൂപയും ഇൻസെന്റീവായി 13,76,57,000/- രൂപയും വിതരണം ചെയ്തിട്ടുണ്ട്.

30% സംസ്ഥാന റിബേറ്റ് നൽകിക്കൊണ്ട് ഖാദി മേളകൾ സംഘടിപ്പിക്കുന്നുണ്ട്. ഓണത്തിന് ഖാദി മേള സംസ്ഥാനത്തുടനീളം ആദ്യമായി സംഘടിപ്പിച്ചു. അതോടൊപ്പം ഖാദി പ്രചരണത്തിന്റെ ഭാഗമായി ഗാന്ധിജയന്തി വാരാഘോഷത്തോടനുബന്ധിച്ച് ഖാദി വസ്ത്രം നിത്യജീവിതത്തിൽ

ഉപയോഗിക്കുന്നവരെ എല്ലാ ജില്ലയിലും ആദരിച്ചു. ബുധനാഴ്ച ഖാദിവസ്ത്രം ധരിക്കണമെന്ന ഉത്തരവ് നിലനിൽക്കുന്നുണ്ട്. മെഡിക്കൽ മേഖലയിൽ ഡോക്ടർമാർ, നഴ്സുമാർ, ദന്തൽ, നഴ്സിംഗ്, പാരാമെഡിക്കൽ തുടങ്ങിയ ആരോഗ്യപ്രവർത്തകർ യൂണിഫോമിന്റെ ഭാഗമായി ഇപ്പോൾ ഖാദി ബോർഡിൽനിന്നും ഖാദി ഓവർകോട്ടുകൾ വാങ്ങണമെന്ന് മെഡിക്കൽ വകുപ്പ് നിർദേശം നൽകിയതിനാൽ ആരോഗ്യ വകുപ്പുമന്ത്രിക്കും വകുപ്പിനും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ ചോദിച്ചതിൽ ഒരു പ്രധാനപ്പെട്ട കാര്യമുണ്ട്. രണ്ട് നെയ്ത്ത് കേന്ദ്രങ്ങളായ കണ്ണവം കോളനിയിലും മുതിയങ്ങയിലും റിനോവേറ്റ് ചെയ്യാനുള്ള സൗകര്യങ്ങളും അതോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ട് വകയിരുത്തി ഖാദി മേഖലയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനും, അധ്യാപകർ, വിദ്യാർഥികൾ, സർക്കാർ ജീവനക്കാർ, എം.എൽ.എ.-മാർ എന്നിവരടക്കം നിർബന്ധമായും ഒരുദിവസമെങ്കിലും ഖാദി വസ്ത്രം ധരിക്കുന്നത് നിർബന്ധമാക്കണം.

<u>ശ്രീ. പി. രാജീവ്</u>: സർ, അദ്ദേഹം പറഞ്ഞ രണ്ട് ഖാദി ഉൽപാദന കേന്ദ്രങ്ങളും നവീകരിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭിക്കുന്നമുറയ്ക്ക് അത് നടപ്പാക്കാം. വസ്ത്രം ഇന്നതേ ധരിക്കാവൂ എന്ന് മാൻഡേറ്ററിയായി ഒരു ഉത്തരവ് നൽകാൻ കഴിയില്ല. ഇഷ്ടപ്പെട്ട വസ്ത്രം ധരിക്കാൻ അവകാശമുള്ളതുകൊണ്ടും....... ഇപ്പോൾ ബുധനാഴ്ചകളിൽ ഖാദി ധരിക്കണമെന്നുണ്ട്. ഞാൻ ധരിച്ചിരിക്കുന്നതും ഖാദിയുടെ പുതിയ ഡിസൈനാണ്. കോൺഗ്രസിന്റെ യുവ എം.എൽ.എ.-മാരൊന്നും ഇപ്പോൾ ഖാദി ധരിക്കാത്തതിനാൽ അവർക്കുവേണ്ടി കളർ ഖാദികൂടി വിപണിയിലിറക്കിയിട്ടുണ്ട്. അതിനാൽ ബുധനാഴ്ചകളിലെങ്കിലും എല്ലാവരും ഖാദി/കൈത്തറി വസ്ത്രം ധരിക്കണമെന്ന് ഒരിക്കൽക്കൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. ശ്രീ. എം. വിൻസെന്റ് എം.എൽ.എ. ഇന്നലെ കളർ ഡ്രസ്സിലേയ്ക്ക് മാറിയെന്ന ഒരു പുതിയ കാര്യംകൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്.

(2) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഫണ്ട് വെട്ടിക്കുറയ്ക്കൽ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എന്നെ ബാധിക്കുന്നത് മാത്രമല്ല, ഈ സഭയിലെ എല്ലാ അംഗങ്ങളെയും ഒരുപോലെ ബാധിക്കുന്ന ഒരു പ്രശ്നമാണിതെന്നതിനാൽ അങ്ങ് പോസിറ്റീവായി ഇതിനെ സമീപിക്കണമെന്നാണ് എന്റെ അഭ്യർഥന. ധനകാര്യവകുപ്പിലെ 31-08-2024 -ലെ ഒരു ഉത്തരവുപ്രകാരം 10 കോടി രൂപയ്ക്കുമേൽ അടങ്കൽ തുക വരുന്ന പ്രോജക്ടുകളുൾപ്പെടെയുള്ള ഭരണാനുമതി നൽകിയ പദ്ധതികളുടെ അനിവാര്യത സംബന്ധിച്ച്, ചീഫ് സെക്രട്ടറിയടക്കം മറ്റ് രണ്ട് സെക്രട്ടറിമാർ ചേർന്ന് ഒരു കമ്മിറ്റി പരിശോധിക്കുമെന്നാണ് വച്ചിരിക്കുന്നത്. സമിതി പരിശോധിച്ചശേഷം ഒന്നുകിൽ പദ്ധതി മാറ്റിവയ്ക്കുകയോ അല്ലെങ്കിൽ ഭരണാനുമതിയുടെ 50 ശതമാനമായി ചുരുക്കുകയോ ചെയ്യുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഒരു പ്രോജക്ടെടുത്താൽ അതിൻെറ ചെലവ് ആ പ്രോജക്ടിൻെറ 50 ശതമാനമായി വെട്ടിച്ചുരുക്കുന്നതോടുകൂടി അത് ഇല്ലാതായെന്നുള്ള യാഥാർഥ്യം അങ്ങേയ്ക്കറിയാമെന്ന് എനിക്കറിയാം. പത്ത് കോടി രൂപയ്ക്ക് താഴെയുള്ള പദ്ധതികളുടെ അനിവാര്യത സംബന്ധിച്ച് വകുപ്പ് സെക്രട്ടറി, വകുപ്പധ്യക്ഷന്മാർ

എന്നിവരുമായി കൂടിയാലോചിച്ച് ഭരണാനുമതി നിയന്ത്രിക്കുന്നതിനുള്ള നടപടിയാണിത്. ഈ ഉത്തരവോടുകൂടി സംസ്ഥാനത്തെ വികസനപ്രവർത്തനങ്ങൾ ഒരു ശോഷിപ്പിലേയ്ക്ക് പോകുകയാണ്. അഡ്മിനിസ്ട്രേറ്റീവ് സാംങ്ഷൻ നൽകിയ തുടർപദ്ധതികളും പുതിയ പദ്ധതികളും 50 ശതമാനമായി നിജപ്പെടുത്തുന്നതോടുകൂടി ഒരു പ്രോജക്ടും ആരംഭിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകും.

മി. സ്പീക്കർ: Calling Attention -നിൽ അങ്ങ് നൽകിയ നോട്ടീസ് അല്ല അങ്ങ് അവതരിപ്പിക്കുന്നതെന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നോട്ടീസിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. വികസനപ്രവർത്തനങ്ങളുടെ തുകയിൽ 40% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്ന വ്യവസ്ഥയുണ്ടായിരുന്നിട്ടും ആവശ്യമായ അലോട്ട്മെന്റ് നൽകാത്തതിനാലും പ്ലാൻ ഫണ്ട് വെട്ടിച്ചുരുക്കിയതിനാലും സംസ്ഥാനത്ത് വ്യാപകമായി അനുഭവിക്കുന്ന വികസനശോഷിപ്പിനെക്കുറിച്ചാണ് ഇന്നത്തെ ശ്രദ്ധക്ഷണിക്കൽ. അതാണ് ഞാൻ പറഞ്ഞത്. ഇതാണ് ആ നോട്ടീസ് (നോട്ടീസ് ഉയർത്തിക്കാട്ടി.)

അങ്ങേയ്ക്ക് ചിലപ്പോൾ മാറിപ്പോയതായിരിക്കാം. ഇത് സ്പീക്കറുടെ ഓഫീസിൽ നിന്നുള്ളതാണിത്. എന്തോ ചെറിയ പിശക് പറ്റിയതായിരിക്കാം. അത് അങ്ങ് പരിശോധിച്ചാൽ മതിയാകും. ഞാൻ പറഞ്ഞുവന്നത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. രണ്ട് കമ്മിറ്റികൾ സർക്കാർ ഉദ്യോഗസ്ഥരെ നിയോഗിച്ച് അതിന്റെ അനിവാര്യത പരിശോധിക്കുന്നുവെന്ന് പറയുമ്പോൾ, എം.എൽ.എ.-മാർ പ്രൊപ്പോസ് ചെയ്ത പ്രോജക്ടുകൾ എല്ലാം പോയില്ലേ; അതിന് മുകളിൽ പറക്കുന്ന ഏത് പരുന്താണുള്ളതെന്ന് സ്വഭാവികമായും നമ്മൾ ആലോചിക്കില്ലേ; അതിന്റെ അനിവാര്യത പ്രത്യേകിച്ച് പരിശോധിക്കാതെ, അനുവദിച്ച എ.എസ്. വച്ച് ബാക്കി നടപടികൾ മുന്നോട്ട് കൊണ്ടുപോകുന്നതിന് ഇടയാക്കണം. 2024-2025-ൽ 38,876.91 കോടി രൂപയുടെ വാർഷിക പദ്ധതിക്കാണ് അനുമതി നൽകിയിട്ടുള്ളത്. ഇപ്പോൾ പദ്ധതി വിഹിതത്തിൽ പുനഃക്രമീകരണം നടത്തുന്നതോടുകൂടി സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങൾ വളരെ മുരടിപ്പിലേയ്ക്ക് പോകുമെന്നുതന്നെയാണ് എനിക്ക് പറയാനുള്ളത്. പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരുടെ പദ്ധതിയുടെ കാര്യത്തിലും വെട്ടിച്ചുരുക്കൽ

വന്നിരിക്കുകയാണ്. കാലാകാലങ്ങളായുള്ള കേരളത്തിന്റെ പൊതുസ്ഥിതി പരിശോധിച്ചാൽ ലാപ്സായിപ്പോകുന്ന തുകയിൽ ഏറെയും പട്ടികജാതി-പട്ടിക വർഗ വിഭാഗത്തിനുവേണ്ടി അനുവദിച്ചിട്ടുള്ള തുകയാണെന്നുള്ള യാഥാർത്ഥ്യം ഇതിന്റെ സൈറ്റ് ലൈറ്റായി നിൽക്കുകയാണെന്നുള്ളതും കൂടി പരിശോധിക്കണം. സ്പെഷ്യൽ കമ്പോണന്റ് പ്ലാനിൽ മൊത്ത വിഹിതത്തിന്റെ 78 ശതമാനം അലോട്ട്മെന്റ് മാത്രമേ നൽകിയിട്ടുള്ളൂ. അതോടുകൂടി ആ പദ്ധതിയും മുന്നോട്ടുപോകുന്ന സ്ഥിതി വരുന്നില്ല. വിവിധ ക്ഷേമ പദ്ധതികൾക്കുള്ള കുടിശ്ശികയും മറ്റ് ആനുകൂല്യങ്ങളും നൽകുക എന്നിവയ്ക്കുവേണ്ടിയാണ് പദ്ധതി വിഹിതം വെട്ടിച്ചുരുക്കുന്നതെന്നാണ് പറയുന്നത്. ശ്രീ. മഞ്ഞളാംകുഴി അലിക്ക് അങ്ങ് നൽകിയ ഒരു ഉത്തരമുണ്ട്. അതിൽ വിവിധ ക്ഷേമപദ്ധതികളുടെ കുടിശ്ശിക, മറ്റ് ആനുകൂല്യങ്ങൾ എന്നിവ സർക്കാരിന് സമയബന്ധിതമായി കൊടുത്തുതീർക്കേണ്ടതായിട്ടുണ്ട് എന്നതിനാലാണ് ഈ വെട്ടിച്ചുരുക്കലെന്നാണ് പറയുന്നത്. അങ്ങനെയാണെങ്കിൽ സ്വാഭാവികമായും ഈ ക്ഷേമ പെൻഷനുകൾ നൽകണ്ടേ; എന്തുകാര്യത്തിനുവേണ്ടിയാണോ പദ്ധതി വിഹിതം

വെട്ടിച്ചുരുക്കുന്നത്, അക്കാര്യത്തിനും ആ തുക വിനിയോഗിക്കുന്നില്ല. ഇപ്പോൾ രണ്ടുകാര്യങ്ങളും ചെയ്യാത്ത അവസ്ഥയിലൂടെയാണ് കടന്നുപോകുന്നത്. ക്ഷേമ പദ്ധതികൾക്ക് കൊടുക്കേണ്ട തുക നൽകുന്നില്ല. സെസ്, പെട്രോൾ, ഡീസൽ എന്നിവയിലെ അധിക നികുതിയും കൂടാതെയാണ് ഇതുപോലുള്ള വെട്ടിച്ചുരുക്കലുകളും നടത്തുന്നത്. എം.എൽ.എ. ഫണ്ട് അനുവദിച്ചിട്ടുപോലും എൽ.എസ്.ജി.ഡി.-യിലെ ചീഫ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായുള്ള പദ്ധതികളുടെ ബില്ലുകൾപോലും മാറുന്നില്ല. ഇത്തരം കാര്യങ്ങൾ അങ്ങ് പരിശോധിക്കണം. അതുകൊണ്ട് ഇക്കാര്യങ്ങളിലെല്ലാം വ്യക്തത വരുത്തണം. പദ്ധതി വിഹിതത്തിലൊന്നും കുറവുണ്ടാകരുത്. നമ്മുടെ വികസന പ്രവർത്തനങ്ങൾ സുതാര്യമായി മുന്നോട്ടുപോകണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, പരിണത പ്രജ്ഞനും വളരെ അനുഭവ സമ്പത്തുമുള്ള ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് ഒരു ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുമ്പോൾ നിയമസഭാ നടപടിക്രമം അറിയാത്തതുകൊണ്ടല്ല അദ്ദേഹം ഇതുപറഞ്ഞതെന്ന് എനിക്കും അങ്ങേയ്ക്കും

അറിയാവുന്ന കാര്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ അലോട്ട്മെന്റ് അനുവദിക്കാത്തതിനാലും പ്ലാൻ ഫണ്ട് വെട്ടിക്കുറച്ചതിനാലും ഉണ്ടായതായി പറയപ്പെടുന്ന പ്രശ്നത്തിലേയ്ക്കാണ് അദ്ദേഹം സഭയുടെ ശ്രദ്ധക്ഷണിച്ചത്. പക്ഷേ അദ്ദേഹം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് കാര്യമായിട്ടൊന്നും പറഞ്ഞില്ല. അതിനുള്ള മറുപടി ഞാൻ ഇവിടെ പറയാം, ആറാം ധനകാര്യ കമ്മീഷന്റെ ഒന്നാം ഭാഗറിപ്പോർട്ടിൽ സർക്കാർ കൈക്കൊണ്ട തീരുമാനപ്രകാരം 2021-22 സാമ്പത്തികവർഷം മുതൽ വികസനഫണ്ടിന്റെ വിഹിതം, സംസ്ഥാന പദ്ധതി അടങ്കലിന്റെ 26 ശതമാനം വികസനഫണ്ടായി നൽകുന്നതിനും പ്രസ്തുത ശതമാനം 30 ശതമാനം ആകുന്നതുവരെ തുടർന്നുള്ള വർഷങ്ങളിൽ 0.5 ശതമാനമായി വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം പ്രദേശിക സർക്കാരുകൾക്ക് വികസനഫണ്ടായി പദ്ധതി അടങ്കലിന്റെ 27.5 ശതമാനം തുകയായ 8,352 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആയതിൽ കേരള ഖരമാലിന്യ സംസ്കരണ പദ്ധതിക്ക് (കെ.എസ്.ഡബ്ല്യൂ.എം.പി.) 180 കോടി രൂപ 27.5 ശതമാനത്തിന് പുറമെയാണ് വകയിരുത്തിയിട്ടുള്ളത്. നമ്മുടെ പ്ലാനിലുള്ളത്

രണ്ട് സ്കീമുകളാണെന്നുള്ളത് അറിയാത്ത ആളല്ല അദ്ദേഹം. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകുന്ന തുകയിൽ എന്തെങ്കിലും ഒരു prioritization-ന്റെ കമ്മിറ്റി നോക്കുന്നതല്ല. ഇക്കാര്യങ്ങൾ അറിയാത്തതുകൊണ്ടല്ല അദ്ദേഹം പറയുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള തുക പ്രത്യേകമൊരു ഹെഡിൽനിന്നുമാണ് പോകുന്നത്. നടപ്പുസാമ്പത്തിക വർഷം പ്രദേശിക സർക്കാരുകൾക്ക് വികസന ഫണ്ടിന്റെ മൂന്ന് ഗഡുക്കൾ (5,714.72 കോടി രൂപ) ഇതുവരെ അനുവദിച്ചുനൽകിയിട്ടുണ്ട്. അതോടൊപ്പം കേന്ദ്രസർക്കാരിൽനിന്നും ലഭ്യമായ ആർ.എൽ.ബി.-കൾക്കുള്ള 15-ാം ധനകാര്യ കമ്മീഷൻ തുകയായ 1,334 കോടി രൂപയും കെ.എസ്.ഡബ്ല്യൂ.എം.പി.-യുടെ ഭാഗമായി 14.69 കോടി രൂപയും ചേർത്ത് ആകെ 7,063.41 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ 3 ഗഡുക്കളായി 4,132.79 കോടി രൂപയും ഇ.പി.എഫ്. ആയി 2,315.63 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

പ്രാദേശിക സർക്കാരുകൾക്കുള്ള വികസന ഫണ്ടിന്റെ ഭാഗമായാണ് 15-ാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ കണക്കാക്കിയിട്ടുള്ളത്. നടപ്പുസാമ്പത്തിക വർഷങ്ങൾക്കുള്ള 'അർബൺ ലോക്കൽ ബോഡീസ്:

നോൺ-മില്യൺ പ്ലസ് സിറ്റീസ് ആൻഡ് മില്യൺ പ്ലസ് അർബൺ ആഗ്രോംബറേഷൻസ് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇതുവരെയും കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിന് ലഭ്യമാക്കിയിട്ടില്ല. ഇതിൽ ആരോഗ്യ മേഖല ഗ്രാന്റായ 612.28 കോടി രൂപയും ഉൾപ്പെടുന്നുണ്ട്. യു.എൽ.ബി.-കൾക്കുള്ള 687 കോടി രൂപയും കേന്ദ്രത്തിൽനിന്നും ലഭിക്കാനുണ്ട്. പ്രദേശിക സർക്കാരുകൾക്കുള്ള ഈ വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവ കൃത്യമായി നൽകിയിട്ടുണ്ട്. നിലവിൽ 2024-25 സാമ്പത്തിക വർഷം 10-03-2025 വരെ വികസന ഫണ്ടിനത്തിൽ അനുവദിച്ച 5,847 കോടിരൂപ പ്രദേശിക സർക്കാരുകൾ ചെലവഴിച്ചിട്ടുണ്ട്. അതായത് അനുവദിച്ച തുകയുടെ 82.78 ശതമാനം തുകയും ചെലവഴിച്ചുകഴിഞ്ഞു. കഴിഞ്ഞ സാമ്പത്തിക വർഷം സ്പിൽ ഓവറായ ബില്ലുകൾക്കുള്ള തുക നടപ്പുസാമ്പത്തിക വർഷത്തെ ഫണ്ടിൽനിന്നും ചെലവഴിക്കാൻ പ്രാദേശിക സർക്കാരുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. 8-04-2024-ലെ പ്രത്യേക സർക്കുലർപ്രകാരം നടപ്പുസാമ്പത്തിക വർഷം അനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ചിട്ടുള്ള പ്രദേശിക സർക്കാരുകളുടെ കാര്യത്തിൽ അധികതുക

പരിഗണിക്കുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്. ഇതാണെന്നുള്ള തെറ്റിദ്ധാരണയിൽ അദ്ദേഹം ചില കാര്യങ്ങൾ പറഞ്ഞതുകൊണ്ട് ഇക്കാര്യങ്ങൾ പറയാതിരിക്കാൻ സാധിക്കില്ല. അദ്ദേഹം ഈ വിഷയത്തിൽനിന്നും മാറി ചീഫ് സെക്രട്ടറിയും രണ്ട് ഉദ്യോഗസ്ഥന്മാരും ഉൾപ്പെടുന്ന കമ്മിറ്റിയെ സംബന്ധിച്ചാണ് അദ്ദേഹം പറഞ്ഞത്. അത് പ്ലാൻ prioritization-ന് വേണ്ടിയാണ്. എന്തായാലും ഇക്കാര്യങ്ങളെ സംബന്ധിച്ച് അറിയാത്ത ആളല്ല അദ്ദേഹം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതവുമായി പൊതു പ്ലാനിന് ഒരു ബന്ധവുമില്ല. അത് ഇപ്പോൾ തന്നെ 83 ശതമാനം ചെലവഴിച്ചിട്ടുണ്ട്. അത് 100 ശതമാനം എത്തുന്നതാണ്. ഇക്കാര്യത്തിൽ കുറവുവരികയില്ല. 12 ഗഡുവായി നൽകേണ്ട ജി.പി.എഫ്.-നകത്ത് ഈ മാസത്തെ ഗഡുകൂടി മാത്രമേ നൽകാനുള്ളൂ. മെയിന്റനൻസ് ഗ്രാന്റും, പ്ലാൻ ഫണ്ടും ഉൾപ്പെടെ നൽകിയിട്ടുണ്ട്. prioritization-നുമായി ഇതിന് യാതൊരു ബന്ധവുമില്ല. സഭയിൽ ചോദ്യം ചോദിച്ച് തെറ്റിദ്ധരിപ്പിക്കാൻ പാടില്ല. അങ്ങ് പറഞ്ഞ കാര്യങ്ങളെല്ലാം കഴിഞ്ഞ ദിവസം ചർച്ചചെയ്തതാണ്. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കുള്ള ഫണ്ടിൽ തുക കുറയ്ക്കുന്ന പ്രശ്നമില്ല.

ഇക്കാര്യങ്ങൾ കൃത്യമായി പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ വരെ കേസുപറഞ്ഞ് വാങ്ങിച്ച മുൻവർഷത്തെ കുടിശ്ശിക പണം, കഴിഞ്ഞ മാർച്ചുമാസം വരെയുള്ള കുടിശ്ശികകളും ബില്ലുകളും തീർപ്പാക്കുന്നതിനാണ് അനുവദിച്ചിട്ടുള്ളത്. നെല്ലിന്റെ വകയായി കേരള ബാങ്കിന് നൽകേണ്ട 1,400 കോടി രൂപയും കെ.എസ്.ആർ.ടി.സി., കെ.റ്റി.ഡി.സി. എന്നിവയ്ക്ക് നൽകേണ്ട തുകയും കഴിഞ്ഞ മാർച്ചിൽ നൽകിയിട്ടുണ്ട്. അങ്ങനെ പരമാവധി തുക എല്ലാ മേഖലയിലും നൽകുന്നതാണ്. പട്ടികജാതി-പട്ടികവർഗ വിഭാഗക്കാർക്കുള്ള ഫണ്ടിൽ വ്യത്യാസം വന്നുവെന്ന് പറയുന്നത് തെറ്റായ കാര്യമാണ്. ഇക്കാര്യങ്ങൾ പറഞ്ഞ് സഭയെ തെറ്റിദ്ധരിപ്പിക്കാൻ പാടില്ലെന്നുള്ളതുകൊണ്ടാണ് ഞാൻ ഇതുപറയുന്നത്. ക്ഷേമ പദ്ധതികളുടെ കുടിശ്ശികയെ സംബന്ധിച്ച് കഴിഞ്ഞ ദിവസം അടിയന്തര പ്രമേയത്തിൽ ചർച്ച ചെയ്ത കാര്യമാണ്. അത് വീണ്ടും ഈ ശ്രദ്ധക്ഷണിക്കലിൽ ഉൾപ്പെടുത്തുന്നത് എന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 100 ശതമാനം തുക അനുവദിച്ചിട്ടുള്ളത് മാത്രമല്ല, അങ്ങും ഞാനും ഉൾപ്പെടെയുള്ള എല്ലാ നിയോജകമണ്ഡലങ്ങളിലും 1,000 കോടി

രൂപയാണ് മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതിക്കായി അനുവദിച്ചിട്ടുള്ളത്. പ്രസ്തുത 1,000 കോടി രൂപയ്ക്ക് തടസ്സം വരാതെ പരമാവധി ഏപ്രിൽ-മെയ് മാസത്തിൽതന്നെ പണി പൂർത്തിയാക്കണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. എല്ലാ വർക്കുകളും മഴ വരുന്നതിനുമുമ്പ് ചെയ്യേണ്ടതാണ്. ഈ ആയിരം കോടി രൂപ തന്നെ ഇതിന് അധികമാണ്. ഇങ്ങനെയുള്ള പദ്ധതികൾക്കെല്ലാം തുക അനുവദിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ പറയുന്ന കാര്യത്തിൽ യാതൊരു അടിസ്ഥാനവുമില്ല. അതിനകത്ത് മറ്റ് പല കാര്യങ്ങളും ചേർത്താണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. എന്തായാലും ഇവിടെ ചോദിച്ച പ്ലാൻ ഫണ്ടിന്റെ കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നീക്കിവച്ചിട്ടുള്ളത് ഒരു പ്രത്യേക സ്കീമാണ്. അതിലൊരു തരത്തിലുമുള്ള വ്യത്യാസവും വന്നിട്ടില്ല. അതിൽ സ്പെന്റിങ് കൂടും. പൊതുവിലുള്ള കാര്യത്തിലും വലിയതോതിൽ കുറവുവരില്ല. ഇതുപോലെ പ്രയോരിറ്റി സെക്ഷൻസിനുള്ളത് കുറയുകയില്ല. അതിൽ യാതൊരു തർക്കവുമില്ലെന്നാണ് പറയാനുള്ളത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങ് ഇവിടെ പറഞ്ഞ കണക്കനുസരിച്ചാണെങ്കിൽ ഗ്രാമ പഞ്ചായത്തുകൾക്ക് കഴിഞ്ഞ പ്രാവശ്യം

413.11 കോടി രൂപയാണ് അനുവദിച്ചത്. അതിൽ 164.68 കോടി രൂപയാണ് ചെലവാക്കിയത്. അതായത് അനുവദിച്ച തുകയുടെ 39 ശതമാനമാണിത്. അങ്ങ് 80 ശതമാനം ചെലവഴിച്ചതിനെക്കുറിച്ച് പറഞ്ഞല്ലോ; ഇതും അങ്ങയുടെ കണക്ക് തന്നെയാണ്. ഞാൻ പ്രത്യേകിച്ച് കണക്ക് എഴുതിക്കൊണ്ടുവന്നതല്ല. അങ്ങ് തന്നെ നൽകിയ കണക്കിനകത്താണ് ഇതുവന്നിരിക്കുന്നത്. തുകയുടെ ഉപയോഗം കുറഞ്ഞുവരുന്നുവെന്നുള്ളത് യാഥാർത്ഥ്യമാണ്. ഞാൻ പ്രധാനമായും ഉന്നയിച്ച കാര്യം, പ്ലാൻ ഫണ്ടിനകത്ത് കുറവുവരുന്നു. എസ്.സി.പി. സ്കീമിലും കുറവ് വരുന്നു. അതോടൊപ്പം ഗ്രാമപഞ്ചായത്തുകളുടെ വികസനത്തിൽ ശോഷിപ്പും വരുന്നുവെന്നത് അങ്ങ് തന്നെ തന്നിട്ടുള്ള കണക്കുകളാണ്. ഇക്കാര്യത്തിൽ ഞാൻ അങ്ങയെ കുറ്റപ്പെടുത്തുന്നില്ല. സാമ്പത്തിക ക്ലേശമെല്ലാം നമുക്കും അറിയാവുന്നതാണ്. ആ ക്ലേശത്തിന്റെ പ്രത്യേകതവച്ച് അതിനെക്കുറിച്ച് ഒന്നും പറയാമെന്ന് കരുതിയിട്ടുമില്ല. പക്ഷേ യാഥാർത്ഥ്യം ജനങ്ങൾ അറിയണം. അങ്ങ് നൽകിയ കണക്കനുസരിച്ചാണ് ഇത് പറയുന്നത്. 2023-2024-ൽ ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ച തുകയുടെ 39

ശതമാനത്തിന്റെ ചെലവ് മാത്രമേ വന്നിട്ടുള്ളൂവെന്നത് അങ്ങ് പരിശോധിച്ചതിനുശേഷം മറുപടി നൽകിയാൽ മതി.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പരിശോധിച്ച് മറുപടി പറയാൻ പ്രത്യേകം സമയമെടുക്കുന്നില്ല. എന്റെ കൈയിൽ ഇപ്പോൾ ഇവിടത്തെ അക്കൗണ്ട് അനുസരിച്ചുള്ളതുണ്ട്. എന്തിനാണ് പ്രത്യേക സമയമെടുക്കുന്നത്? അങ്ങേയ്ക്ക് എന്തെങ്കിലും തെറ്റിദ്ധാരണയുണ്ടെങ്കിൽ മാറ്റാം, കഴിഞ്ഞ വർഷം ഫൈനലിൽ വന്നപ്പോൾ...... ബഹുമാനപ്പെട്ട സുപ്രീംകോടതിയിലെ കേസിനെക്കുറിച്ചെല്ലാം അങ്ങേയ്ക്ക് അറിയാവുന്നതാണ്. കഴിഞ്ഞവർഷം 70 ശതമാനത്തിനടുത്തുമാത്രമേ സ്പെൻഡ് ചെയ്യാൻ സാധിച്ചിട്ടുള്ളൂ. കാരണം ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ എത്രമാത്രം ഫൈറ്റ് നടത്തിയെന്നുള്ളതും മാർച്ച് മാസത്തെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകാൻപോലും തടസ്സമുണ്ടാകുന്ന തരത്തിൽ കാര്യങ്ങൾ വന്നുവെന്നറിയാം. എന്നിട്ടും 70 ശതമാനത്തിനടുത്താണ്, ഓരോ വർഷത്തെയും കണക്ക് എന്റെ കൈയിലുണ്ട്. അതിന് തൊട്ടുമുമ്പത്തെ വർഷവും, കഴിഞ്ഞവർഷവും 5 ശതമാനത്തോളം കുറവുവന്നു. അതുകൊണ്ടാണ് 20 ശതമാനം സ്പിൽ ഓവറായി നമ്മൾ

നൽകിയത്. ഞങ്ങൾ അനുവദിച്ചെങ്കിലും അത് വന്നപ്പോൾ ആ വർഷം അവസാനമായി. അത് സ്പെൻഡ് ചെയ്യാൻ സാധിച്ചില്ല. എന്തായാലും അത് 70 ശതമാനത്തിനടുത്താണ്. അങ്ങേയ്ക്ക് എവിടെനിന്നാണ് 39 ശതമാനത്തിന്റെ കണക്ക് ലഭിച്ചതെന്ന് അറിയില്ല. ഓരോ പഞ്ചായത്തിലും അന്വേഷിച്ചാൽ മതി. കോട്ടയം മണ്ഡലം അടക്കമുള്ള പഞ്ചായത്തിൽ അങ്ങ് അന്വേഷിച്ചിട്ടല്ല പറയുന്നതെന്ന് ഞാൻ കരുതുന്നില്ല. അവിടത്തെ പഞ്ചായത്തുകളിൽ എത്ര ചെലവാക്കിയെന്ന് അന്വേഷിച്ചാൽ മതി. അങ്ങനെ പറയാൻ പാടില്ല. സഭയിൽ വളരെ ഉത്തരവാദിത്തത്തോടുകൂടി പറയുമ്പോൾ ഞാനായാലും അങ്ങായാലും ഈ സഭയിൽ ഇവിടത്തെ അക്കൗണ്ടിന്റെ അടിസ്ഥാനത്തിലാണ് കാര്യങ്ങൾ ചെയ്യുന്നത്. എനിക്ക് പിന്നീട് അന്വേഷിക്കേണ്ട കാര്യമില്ല. എന്റെ കൈയിൽ കോപ്പിയുണ്ട്. ആ കോപ്പി അങ്ങേയ്ക്ക് ഞാൻ തരാം.

<u>മി. സ്പീക്കർ</u>: ഓർഡർ...ഓർഡർ...അടുത്തത് സബ്മിഷനാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ ഒരുമിനിട്ടുകൊണ്ട് അവതരിപ്പിക്കണം. ബഹുമാനപ്പെട്ട മന്ത്രിമാരും ഒരുമിനിട്ടുകൊണ്ട് ഉത്തരം പറയാൻ ശ്രമിക്കണം. ഒരു മിനിട്ട് എക്സീഡ് ചെയ്യുമ്പോൾ ഓട്ടോമെറ്റിക്കായി മൈക്ക് ഓഫാക്കും. അന്നേരം ചെയറിനോട് രോഷാകുലരായിട്ട് കാര്യമില്ല.